# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (അജൈവം) സംസ്കരണ മേഖലയിൽ GREEN WORMS ECOSOLUTIONS LLP എന്ന ഏജൻസിക്ക് DBOT വഴി പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.04.2024 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം

3. 13.08.2018-ൽ ചേർന്ന 9-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 3. 6-ാം നമ്പർ തീരുമാനം.

4. 18.11.2023-ലെ 6479/C4/2023/SM നം താൽപര്യപത്രം.

5. 17.04.2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നം: 7007/C4/2023/SM തീയതി: 26.06.2024

ഖരമാലിന്യ (അജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

ഖരമാലിന്യ (അജൈവം) സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ സംസ്കരണ (അജൈവം) പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ടെക്നോളജി/പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം Green Worms Eco Solutions LLP എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ

വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ segregation & bailing മേഖലയിൽ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള GREEN WORMS ECOSOLUTIONS LLP, 140 B, The Crest Building, Varakkal Road Junction, West Hill, Kozhikode- 673005 എന്ന ഏജൻസിക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ബന്ധപ്പെട്ട മേഖലയിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| GREEN WORMS ECOSOLUTIONS LLP<br><br>140 B, The Crest Building, Varakkal Road Junction, West Hill, Kozhikode- 673005<br>Ph : 9656363502<br>Email : info@greenworms.org | Empaneled for segregation, baling and forward linkages of plastic waste. |

**<u>നിബന്ധനകൾ</u>**

1. ഈ അംഗീകാരത്തിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
4. എല്ലാ സേവനദാതാക്കളും ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 5

ടെണ്ടറുകളിലെങ്കിലും പങ്കെടുക്കേണ്ടതും, ടി രേഖകൾ എല്ലാവർഷവും ഏപ്രിൽ 30-ന് മുമ്പായി ശുചിത്വമിഷനിൽ സമർപ്പിക്കേണ്ടതുമാണ്.

5. സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
6. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
7. ഫോർവേർഡ് ലിങ്കേജ്, റിജക്ട് മാലിന്യം കൈമാറൽ എന്നിവയ്ക്കായി നിലവിൽ ഉള്ള കരാറുകൾ, ആയവയുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതാണ്.
8. ഏജൻസികൾ എംപാനൽമെൻ്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ എംപാനൽമെന്റ് കാലാവധി തീരും വരെ തുടർന്നും ഉറപ്പുവരുത്തേണ്ടതാണ്.
9. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
10. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
11. സേവന ദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം, ടി സേവനദാതാക്കളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
12. സർക്കാർ/ ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
13. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദു ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
6. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.